മലയാള മനോരമ
ESTABLISHED 1888

11 January 2020

# മത്തി കുറയുന്നു; ആശങ്കയിൽ മത്സ്യ മേഖല

## മത്തിയുടെ കുറവു കാരണം 2014 മുതൽ ചെറുകിട വള്ളങ്ങൾ ഉപയോഗിച്ചുള്ള മീൻപിടിത്തം കുറഞ്ഞു

കൊച്ചി • മത്തിയുടെ ലഭ്യതയിലുണ്ടായ ഗണ്യമായ കുറവു കാരണം ചെറുകിട മത്സ്യത്തൊഴിലാളികൾക്ക് കനത്ത നഷ്ടമുണ്ടായതായി കണ്ടെത്തൽ. മത്തിയുടെ കുറവു കാരണം 2014 മുതൽ ചെറുകിട വള്ളങ്ങൾ ഉപയോഗിച്ചുള്ള മീൻപിടിത്തം പകുതിയിലേറെ കുറഞ്ഞതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ഗവേഷകർ കണ്ടെത്തി. സിഎംഎഫ്ആർഐയിൽ നടന്ന രാജ്യാന്തര മറൈൻ സിംപോസിയത്തിലാണ് പഠന റിപ്പോർട്ട് അവതരിപ്പിച്ചത്.

ചെറിയ വള്ളങ്ങളിൽ നിന്നുള്ള ശരാശരിവരുമാനം 12,000 രൂപയായിരുന്നത് 2014നു ശേഷം ശരാശരി 2,500 രൂപയായി കുറഞ്ഞുവെന്നു പഠനത്തിനു നേതൃത്വം നൽകിയ സിഎംഎഫ്ആർഐയിലെ സീനിയർ സയന്റിസ്റ്റ് ഡോ. എൻ. അശ്വതി പറഞ്ഞു.

2010 മുതൽ 2018 വരെയുള്ള മത്സ്യലഭ്യതയും വരുമാനവുമാണ് പഠനവിധേയമാക്കിയത്. ഇക്കാലയളവിൽ മത്തിയുടെ ലഭ്യത 2.5 ലക്ഷം ടണ്ണിൽ നിന്നു 77,000 ടണ്ണായാണ് കുറഞ്ഞത്.

ശരാശരി 19.82 ശതമാനം വാർഷിക കുറവാണ് മത്തിയിലുണ്ടായത്.

മത്തിക്ക് ക്ഷാമം നേരിട്ടപ്പോൾ ചില്ലറ വ്യാപാരത്തിൽ മത്തിയുടെ വില ശരാശരി 47 രൂപയിൽ നിന്നു 120 രൂപയായി ഉയർന്നു. എന്നിട്ടും മത്തിയുടെ മൂല്യം 1219 രൂപ കോടി രൂപയിൽ നിന്നു 925 കോടി രൂപയായി ഇടിഞ്ഞതായും പഠനത്തിൽ വ്യക്തമായി.

കേരളത്തിലെ സാധാരണ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധിയുടെ ആഴം വെളിപ്പെടുത്തതാണ് ഈ പഠനം.

മത്തിയുടെ ഏറ്റക്കുറച്ചിലുകൾ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ദൈനംദിന ജീവിതത്തെ നേരിട്ട് ബാധിക്കുന്നതാണെന്ന് ഡോ. അശ്വതി പറഞ്ഞു.



**2012 മുതൽ 2018 വരെ കേരളത്തിൽ പിടിച്ച മത്തി**

• (ടൺ കണക്കിൽ)

2012 - 3,99,786
2013 - 2,46,841
2014 - 1,55,087
2015 - 68,431
2016 - 45,958
2017 - 1,26,988
2018 - 77,093

(2012ൽ 3.99 ലക്ഷം ടൺ മത്തി ലഭിച്ച കേരളതീരത്തുനിന്ന് 2018ൽ ലഭിച്ചത് വെറും 77,093 ടൺ മത്തി മാത്രം. 2012നുശേഷം ഓരോ വർഷവും മത്തിയുടെ ലഭ്യതയിൽ ഗണ്യമായ കുറവുണ്ട്. 2017ൽ മാത്രം നേരിയ വർധനയുണ്ടായെങ്കിലും വീണ്ടും മത്തി കുറഞ്ഞു. )